**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1157** **31-01-2024 - ൽ മറുപടിയ്ക്ക്**

**കാഞ്ഞങ്ങാട് മണ്ഡലത്തിൽ മത്സ്യബന്ധന വകുപ്പിന്റെ കീഴിലുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ മൽസ്യബന്ധന വകുപ്പിന്റെ കീഴിൽ നടപ്പിലാക്കി വരുന്നതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ മത്സ്യബന്ധന വകുപ്പിന്റെ കീഴിൽ നടപ്പിലാക്കി വരുന്നതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു. |
| (ബി) | മണ്ഡലത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളുടെ പുരോഗതി അറിയിക്കുമോ? | (ബി) | മണ്ഡലത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം -2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം-1

1. പുനർഗേഹം: വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്നവരെ പുനരധിവസിപ്പിക്കുന്ന പുനർഗേഹം പദ്ധതിയിൽ കാഞ്ഞങ്ങാട് മണ്ഡലത്തിലെ അജാനൂർ, ഹോസ് ദുർഗ്, പുഞ്ചാവി മത്സ്യഗ്രാമങ്ങളിലായി 64 പേർ ഭൂമി കണ്ടെത്തി രജിസ്ട്രേഷൻ പൂർത്തീകരിക്കുകയും, ഭവന നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയുമാണ്.
2. സമ്പാദ്യ സമാശ്വാസ പദ്ധതി: മത്സ്യത്തൊഴിലാളികളുടെ സമ്പാദ്യ ശീലം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ മത്സ്യത്തൊഴിലാളികളും അനുബന്ധ മത്സ്യത്തൊഴിലാളികളും (സ്ത്രീകൾ) ഉൾപ്പെടെ 1255 പേരും, 1030 പേരും, യഥാക്രമം 2021-22, 2022-23 സാമ്പത്തിക വർഷം അംഗമായിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം തുക സമാഹരണം നടന്നു കൊണ്ടിരിക്കുന്നു.
3. ഇൻസുലേറ്റഡ് ഐസ് ബോക്സ്- പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ഇൻസുലേറ്റഡ് ഐസ് ബോക്സ് വിതരണം പദ്ധതിയിൽ 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ യഥാക്രമം 24, 11 മത്സ്യത്തൊഴിലാളികൾ ഗുണഭോക്തൃ വിഹിതം ഒടുക്കി പദ്ധതിയിൽ അംഗമായിട്ടുണ്ട്.
4. ജി.പി.എസ് - പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കടൽ സുരക്ഷ ഉപകരണമായ ജി.പി.എസ് നൽകുന്ന പദ്ധതിയിൽ 2021-2022, 2022-2023 സാമ്പത്തിക വർഷങ്ങളിൽ യഥാക്രമം 6 പേരും 2 പേരും ഗുണഭോക്തൃ വിഹിതം അടച്ച് പദ്ധതിയിൽ അംഗമായിട്ടുണ്ട്.
5. യാനങ്ങളുടെ ഇൻഷ്വറൻസ് - പരമ്പരാഗത യാനങ്ങളുടെ ഇൻഷ്വറൻസ് പരിരക്ഷ പദ്ധതിയിൽ 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ യഥാക്രമം 44 പേരും 36 പേരും ഗുണഭോക്തൃ വിഹിതം അടച്ച് പദ്ധതിയിൽ അംഗമായിട്ടുണ്ട്.
6. മത്സ്യകൃഷി - ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും, ഉൽപ്പാദനം ത്വരിതപ്പെടുത്തുന്നതിനുമായി സുഭിക്ഷ കേരളം ജനകീയ മത്സ്യകൃഷി, പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (PMMSY) പദ്ധതികൾ പ്രകാരം 300 ഓളം മത്സ്യ കർഷകർ വിവിധ ഇനം മത്സ്യകൃഷിയിൽ അംഗമായിട്ടുണ്ട്.

ജനകീയ മത്സ്യകൃഷിയിൽ എംബാങ്ക്മെന്റ്, പെൻ കൾച്ചർ എന്നീ പദ്ധതികളും, പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന(PMMSY) പദ്ധതിയിൽ ത്രീ വീലർ വിത്ത് ഐസ് ബോക്സ്, മോട്ടോർ സൈക്കിൾ വിത്ത് ഐസ് ബോക്സ്, ബാക്ക്യാർഡ് ഓർണമെന്റൽ ഫിഷ് കൾച്ചർ, ഇൻസുലേറ്റഡ് വെഹിക്കിൾ, ഫിഷ് കിയോസ്ക് (മത്സ്യം/അലങ്കാര മത്സ്യ വിപണനത്തിനായുള്ള ഫിഷ് കിയോസ്കുകൾ), കൂട് കൃഷി എന്നിവ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളാണ്.

**7) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേനയുള്ള പദ്ധതികൾ**

| ക്രമ | പദ്ധതി | അടങ്കൽ തുക | നിലവിലെ അവസ്ഥ |
|---|---|---|---|

| നമ്പർ | | (ലക്ഷത്തിൽ) | |
|---|---|---|---|
| 1 | ജി.ആർ.എഫ്.റ്റി.എച്ച്.എസ്സ്, കാഞ്ഞങ്ങാട് ഹോസ്റ്റൽ റീവയറിംഗ് | 4.38 | പദ്ധതി പൂർത്തീകരിച്ചു |
| 2 | കിഫ്ബി പദ്ധതി – കാഞ്ഞങ്ങാട് മത്സ്യമാർക്കറ്റ് നിർമ്മാണം | 249.79 | പദ്ധതി പ്രദേശം സംബന്ധിച്ച് മുനിസിപ്പാലിറ്റിയിൽ നിന്നും തീരുമാനം ലഭിച്ചിട്ടില്ല. |

**8) സാഫ് മുഖേനയുള്ള പദ്ധതികൾ**

**(a) ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം**

2 മുതൽ 5 വരെ മത്സ്യത്തൊഴിലാളി വനിതകൾ അടങ്ങുന്ന ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒരംഗത്തിന് ഒരു ലക്ഷം രൂപ (ഒരു യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപ) വരെ ഗ്രാൻറ് അനുവദിച്ചു. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാൻറും 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃ വിഹിതവുമാണ്. ജില്ലകളിൽ നിന്ന് തിരഞ്ഞെടുത്ത മത്സ്യത്തൊഴിലാളി വനിതകൾ സംരംഭം ആരംഭിക്കുന്നതിനായി പരിശീലനങ്ങൾ നൽകുകയും ബാങ്ക് ലോൺ ലഭ്യമാക്കുകയും ചെയ്യുന്നു. സംരംഭം ആരംഭിക്കുന്നതിനായി രണ്ട് ഘട്ടങ്ങളിലായാണ് ഗ്രാന്റ് അനുവദിക്കുന്നത്. സ്ഥിരാസ്ഥികൾ വാങ്ങുന്നതിന് ഒന്നാംഗഡു ധനസഹായവും പ്രവർത്തന മൂലധനമായി രണ്ടാംഗഡു ധനസഹായവും അനുവദിക്കുന്നു.

കാഞ്ഞങ്ങാട് മണ്ഡലത്തിൽ അജാനൂർ പ്രദേശത്തെ മൂന്ന് ഗുണഭോക്താക്കൾ അടങ്ങിയ ഗ്രൂപ്പിന് മേൽ പദ്ധതി പ്രകാരം ഒന്നാംഗഡു ധനസഹായം അനുവദിക്കുന്നതിന് നടപടി കൈക്കൊണ്ടിട്ടുണ്ട്.

**(b) ജെ.എൽ.ജി പ്രോജക്ട് ഫോർ എൻഷ്വറിംഗ് ലീവ് ലിഹുഡ് സെക്യൂരിറ്റി ഓഫ് ഫിഷർമെൻ ഇൻ കേരള**

മത്സ്യമേഖലയിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളി വനിതകൾക്ക് അവരുടെ തൊഴിൽ മുന്നോട്ട് കൊണ്ടു പോകുന്നതിന് ആവശ്യമായ മൂലധനത്തിനായി സ്വകാര്യ ധനമിടപാടുകാരെയും കൊള്ളപ്പലിശക്കാരെയും ചൂഷണത്തിൽ നിന്നും മുക്തരാക്കുക എന്ന ഉദ്ദേശത്തോടെ സാഫ് മുഖേന ജെ.എൽ.ജി പ്രോജക്ട് ഫോർ എൻഷ്വറിംഗ് ലീവ് ലിഹുഡ് സെക്യൂരിറ്റി ഓഫ് ഫിഷർവുമൺ ഇൻ കേരള പദ്ധതി നടപ്പിലാക്കി. 5 പേരടങ്ങുന്ന മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി ജോയിൻറ് ലയബിലിറ്റി ഗ്രൂപ്പുകളാണ് ടി പദ്ധതിയിലൂടെ ആരംഭിക്കുന്നത്. ഗ്രൂപ്പംഗങ്ങൾക്ക് പ്രവർത്തനമൂലധനമായി ഒരംഗത്തിന് 10000/-

രൂപ വീതം ഒരു ഗ്രൂപ്പിന് 50000/- രൂപ പലിശരഹിത റിവോൾവിംഗ് ഫണ്ടായി നൽകി. തിരിച്ചടവ് പൂർത്തിയാക്കുന്ന മുറയ്ക്ക് ടി യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട് വീണ്ടും ലഭിക്കുന്നു.

കാഞ്ഞങ്ങാട് മണ്ഡലത്തിലെ 5 മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്.

**(c)തീരമൈത്രി സീഫുഡ് റസ്റ്റോറന്റ്**

ഗുണമേന്മയുള്ളതും ആരോഗ്യകരവുമായ കടൽ മത്സ്യവിഭവങ്ങൾ തനത് രുചിയോടെ തയ്യാർ ചെയ്യുന്നതിനായി തീരമൈത്രി സീഫുഡ് റസ്റ്റോറൻറ് പദ്ധതി നടപ്പിലാക്കി. 5 പേരടങ്ങുന്ന ഒരു ഗ്രൂപ്പിന് 5 ലക്ഷംരൂപ (പദ്ധതിയുടെ 75%) വരെ ഗ്രാൻറായി അനുവദിച്ചു.

**9. മത്സ്യഫെഡ് നടപ്പിലാക്കി വരുന്നതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ.**

(i) ദേശീയ സഹകരണ വികസന കോർപ്പറേഷൻ (എൻ.സി.ഡി.സി) ധനസഹായത്തോടു കൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി (ഐ.എഫ്.ഡി.പി)

മത്സ്യഫെഡിലെ അംഗങ്ങളായ പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾക്കും മത്സ്യവിപണന സംവിധാനങ്ങൾ വിപുലീകരിക്കുന്നതിനും ആവശ്യമായ വായ്പ ലഭ്യമാക്കുക, സംഘങ്ങൾക്ക് മത്സ്യസംസ്കരണത്തിന് അടിസ്ഥാന സൗകര്യം ഉണ്ടാക്കുക, മത്സ്യലേലം ശക്തിപ്പെടുത്തുന്നതിന് പ്രവർത്തന മൂലധനം ലഭ്യമാക്കുക എന്നിവ ഈ പദ്ധതി വഴി നൽകി വരുന്നു. മത്സ്യബന്ധന ഉപകരണ വായ്പാ പദ്ധതി, പലിശ രഹിത വായ്പാ പദ്ധതിയായിട്ടാണ് 2018-19 വർഷം മുതൽ നടപ്പിലാക്കി വരുന്നത്.

മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്ന പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളിൽ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾ പിടിച്ച് കൊണ്ടുവരുന്ന മത്സ്യത്തിന് ന്യായ വില ഉറപ്പാക്കുവാൻ സംഘങ്ങൾ തീരദേശ ലേലം നടപ്പിലാക്കിവരുന്നു. മത്സ്യലേലം ശക്തിപ്പെടുത്തുന്നതിനും കൂടുതൽ ഗ്രൂപ്പുകളെ തീരദേശ ലേല സമ്പ്രദായത്തിൽ കൊണ്ടുവരുന്നതിനുമായി ഐ.എഫ്.ഡി.പി പദ്ധതിയിൽ സംഘങ്ങൾക്ക് പ്രവർത്തന മൂലധന വായ്പ നൽകിവരുന്നു.

<u>(ii) ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി) / ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ(എൻ.എം.ഡി.എഫ്.സി എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടുകൂടിയുള്ള വായ്പ പദ്ധതികൾ</u>

(a) <u>മൈക്രോഫിനാൻസ് വായ്പ</u>

പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ കീഴിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള സ്വയം സഹായ സംഘങ്ങൾക്ക് എൻ.ബി.സി.എഫ്.ഡി.സി-യുടെയും എൻ.എം.ഡി.എഫ്.സി.-യുടെയും ധനസഹായത്തോടെ മൈക്രോഫിനാൻസ് വായ്പകൾ വിതരണം ചെയ്തു വരുന്നു. ഒരാൾക്ക് പരമാവധി 60,000/- രൂപ വരെ 5% പലിശനിരക്കിൽ 2 വർഷത്തെ തിരിച്ചടവ് കാലാവധിയിൽ നൽകുന്നു.

(b) <u>മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിന് പലിശ രഹിത വായ്പാ പദ്ധതി</u>

ഈ പദ്ധതി വഴി മത്സ്യ വിപണനത്തിലേർപ്പെട്ടിരിക്കുന്ന വനിതകൾക്ക് പലിശ രഹിത വായ്പ വിവിധ ഘട്ടങ്ങളിലായി വിതരണം ചെയ്തു വരുന്നു. ആദ്യവായ്പ 10000/- രൂപ ഒരു വർഷകാലാവധിയിൽ തിരിച്ചടയ്ക്കുന്ന ഗുണഭോക്താക്കൾക്ക് തുടർവായ്പയായി 20000/- രൂപ എന്നിങ്ങനെ വിതരണം ചെയ്യുന്നു. പലിശ രഹിത വായ്പ വിതരണത്തിനാവശ്യമായ വായ്പ തുക മത്സ്യഫെഡ് എൻ.ബി.സി.എഫ്.ഡി.സി, എൻ.എം.ഡി.എഫ്.സി എന്നീ സ്ഥാപനങ്ങളിൽ നിന്നും വായ്പയായി ലഭ്യമാക്കുന്നു. വായ്പയുടെ പലിശ തുക സംസ്ഥാന സർക്കാർ മത്സ്യഫെഡിന് അനുവദിച്ചു നൽകുന്നു. പ്രാഥമിക മത്സ്യത്തൊഴിലാളി സംഘങ്ങൾ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

(c)<u>വലകൾക്കുള്ള സബ്സിഡി പദ്ധതി</u>

10 എച്ച്.പി-യിൽ താഴെയുള്ള എഞ്ചിനുകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധന യൂണിറ്റുകൾക്ക് വലകളും മറ്റ് അനുബന്ധ സാമഗ്രികളും വാങ്ങുന്നതിന് ഒരു മത്സ്യത്തൊഴിലാളിയ്ക്ക് വലയുടെ വിലയുടെ 25% പരമാവധി 10,000/- രൂപ വരെ സബ്സിഡി നൽകി വരുന്നു.

(d)<u>നാടൻ വള്ളങ്ങളുടെ നവീകരണം</u>

നാടൻ വള്ളങ്ങൾ യന്ത്രവൽക്കരിക്കുന്നതിന് 10 എച്ച്.പി. യിൽ താഴെയുള്ള ഔട്ട് ബോർഡ് എഞ്ചിൻ വാങ്ങുന്ന മത്സ്യത്തൊഴിലാളികൾക്ക് ഈ പദ്ധതിപ്രകാരം എഞ്ചിന്റെ വിലയുടെ 20% പരമാവധി 30,000/- രൂപ വരെ സബ്സിഡി നൽകി വരുന്നു.

(e)<u> മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ സബ്സിഡി</u>

മത്സ്യഫെഡിന്റെ മണ്ണെണ്ണ ബങ്കുകൾ വഴി മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിനുള്ള മണ്ണെണ്ണ വിതരണം ചെയ്യുന്നു. ലിറ്ററിന് 25/- രൂപ നിരക്കിൽ മണ്ണെണ്ണയ്ക്ക് സബ്സിഡി നൽകുന്നു. സർക്കാർ ബഡ്ജറ്റിൽ വകയിരുത്തി ഈ തുക തൊഴിലാളികൾക്ക് നൽകുന്നു. 45.00 കോടി രൂപ പ്രതിവർഷം ഇതിനായി ബഡ്ജറ്റിൽ വകയിരുത്തുന്നുണ്ട്.

(f). <u>സഹകരണ സംഘങ്ങളുടെ ശാക്തീകരണ പദ്ധതി</u>

ഭരണ സമിതിയുള്ളതും പ്രവർത്തനക്ഷമത കുറഞ്ഞതുമായ സംഘങ്ങൾക്ക് വരുമാനം ഉറപ്പാക്കുന്നതിന് ഉതകുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന് വേണ്ടി രൂപീകരിച്ച പ്രത്യേക ശാക്തീകരണ പദ്ധതിയാണിത് . മത്സ്യഫെഡിന്റെ തനത് ഫണ്ടിൽ നിന്നും വായ്പ നൽകിയാണ് പദ്ധതി നടപ്പിലാക്കുന്നത്

**10. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേനയുള്ള പദ്ധതികൾ .**

| ക്രമ നം | ഭരണാനുമതി ലഭിച്ച വർഷം | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക (ലക്ഷത്തിൽ) | പ്രവൃത്തി പുരോഗതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | **2021-22** | ഫ്രണ്ട്സ് ക്ലബ് റോഡ് | 49.00 | പ്രവൃത്തി പൂർത്തീകരിച്ചു |
| 2 | | ഇഖ്ബാൽ എച്ച്. എസ്.എസ് പുളിക്കാൽ അമ്പലം റോഡ് റീ-ടാറിംഗ് | 41.00 | പ്രവൃത്തി പൂർത്തീകരിച്ചു |
| 3 | | കാറ്റാടി ജംഗ്ഷൻ - കൊതിക്കാൽ റോഡ് - റീ-ടാറിംഗ് | 7.60 | പ്രവൃത്തി പൂർത്തീകരിച്ചു |
| 4 | | ചേറ്റുകുണ്ട് - ചിത്താരി കടപ്പുറം അഴിമുഖം റോഡ് - റീ-ടാറിംഗ് | 35.00 | പ്രവൃത്തി പൂർത്തീകരിച്ചു |
| 5 | **2022-23** | ഇഖ്ബാൽ എച്ച്. എസ്.എസ് അടിമേൽ - ടെമ്പിൾ - റെയിൽവെ ട്രാക്ക് റോഡ് - കോൺക്രീറ്റ് റോഡ് നവീകരണം | 114.80 | പ്രവൃത്തി പൂർത്തീകരിച്ചു |
| 6 | **2023-24** | കൺസ്ട്രക്ഷൻ ഓഫ് പ്രൊട്ടക്ഷൻവാൾ നിയർ ക്രോസ്സ് ഡ്രൈയിനേജ് എന്റ് നിയർ ബെല്ലാ കടപ്പുറം | 32.60 | ടെണ്ടർ ചെയ്ത് കരാറിലേർപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 7 | | ആജാനൂർ PHC ക്കും ബെല്ല കടപ്പുറത്തിനിടയിലുള്ള ഡ്രൈയിനേജും റോഡ് പ്രവൃത്തി | 50.00 | ടെണ്ടർ ചെയ്ത് കരാറിലേർപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 8 | | കൊവൽപള്ളി കല്ലംചിറ റോഡ് | 50.00 | ടെണ്ടർ ചെയ്ത് കരാറിലേർപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 9 | | പടന്നക്കാട് ഒഴിഞ്ഞവളപ്പ് കടപ്പുറം റോഡ് | 50.00 | ടെണ്ടർ ചെയ്ത് കരാറിലേർപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**<u>അനുബന്ധം-2</u>**

"പുനർഗേഹം" പദ്ധതിയിൽ കാഞ്ഞങ്ങാട് മണ്ഡലത്തിലെ പതിനൊന്നോളം പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. സമ്പാദ്യ സമാശ്വാസ പദ്ധതി, പരമ്പരാഗത യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ എന്നീ പദ്ധതികൾ നടന്നു കൊണ്ടിരിക്കുന്നു. 36 ഗുണഭോക്താക്കൾ ഇൻഷ്വറൻസ് സ്കീമിൽ ഇതുവരെ അംഗമായിട്ടുണ്ട്. ജനകീയ മത്സ്യകൃഷി, പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (PMMSY) എന്നീ പദ്ധതികളിലായി വിവിധ തരത്തിലുള്ള മത്സ്യകൃഷി രീതികളും ജില്ലയിൽ നിലവിൽ പുരോഗമിച്ചു വരികയാണ്.

പ്രസ്തുത മണ്ഡലത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളുടെ പുരോഗതി വിവരം ചുവടെ ചേർക്കുന്നു.

1. **<u>കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ</u>**

| ക്രമ നമ്പർ | പദ്ധതി | നിലവിലെ അവസ്ഥ |
|---|---|---|
| 1 | ജി.ആർ.എഫ്.റ്റി.എച്ച്. എസ്സ്, കാഞ്ഞങ്ങാട് ഹോസ്റ്റൽ റീവയറിംഗ് | പദ്ധതി പൂർത്തീകരിച്ചു |
| 2 | കിഫ്ബി പദ്ധതി – കാഞ്ഞങ്ങാട് മത്സ്യമാർക്കറ്റ് നിർമ്മാണം | പദ്ധതി പ്രദേശം സംബന്ധിച്ച് മുനിസിപ്പാലിറ്റിയിൽ നിന്നും തീരുമാനം ലഭിച്ചിട്ടില്ല. |

**2.<u>സാഫ്</u>**

ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം 2023 –24 പദ്ധതിയിൽ കാഞ്ഞങ്ങാട് മണ്ഡലത്തിൽ അജാനൂർ പഞ്ചായത്ത് പരിധിയിൽ 3 ഗുണഭോക്താക്കൾ അടങ്ങുന്ന മൊബൈൽ ഷോപ്പ് തുടങ്ങുന്നതിനാവശ്യമായ നടപടി ക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഒന്നാംഗഡു ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടിക്രമം ആരംഭിച്ചിട്ടുണ്ട്.

ജെ.എൽ.ജി 2023 –24 വർഷം പദ്ധതിയുടെ ഭാഗമായി 5 മത്സ്യത്തൊഴിലാളി വനിതകൾ അടങ്ങുന്ന ഒരു ഗ്രൂപ്പിനെ തെരഞ്ഞെടുത്തിട്ടുണ്ട്.

**3.<u>മത്സ്യഫെഡ്</u>**

| ക്രമ നം. | പദ്ധതിയുടെ പേര് | അനുവദിച്ച തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) | പദ്ധതികളുടെ പുരോഗതി |
|---|---|---|---|---|
| 1 | എൻ.സി.ഡി.സി ധനസഹായത്തോട്ടു കൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി | 55.18 | 55.18 | പദ്ധതി തുടർന്നും നടപ്പിലാക്കി വരുന്നു |
| 2 | എൻ.ബി.സി.എഫ്.ഡി.സി/ എൻ.എം.ഡി.എഫ്.സി ധനസഹയാത്തോട്ടുകൂടിയുള്ള മൈക്രോഫിനാൻസ് | 67.60 | 67.60 | പദ്ധതി തുടർന്നും നടപ്പിലാക്കി വരുന്നു |
| 3 | മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിനായുള്ള പലിശ രഹിത വായ്പാ പദ്ധതി | 70.40 | 70.40 | പദ്ധതി തുടർന്നും നടപ്പിലാക്കി വരുന്നു |
| 4 | വലകൾക്കുള്ള സബ്സിഡി പദ്ധതി | 2.87 | 2.87 | പദ്ധതി തുടർന്നും നടപ്പിലാക്കി വരുന്നു |
| 5 | നാടൻ വള്ളങ്ങളുടെ നവീകരണം | 1.70 | 1.70 | പദ്ധതി തുടർന്നും നടപ്പിലാക്കി വരുന്നു |
| 6 | മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ സബ്സിഡി | 17.12 | 17.12 | പദ്ധതി തുടർന്നും നടപ്പിലാക്കി വരുന്നു |
| 7 | സഹകരണ സംഘങ്ങളുടെ ശാക്തീകരണ പദ്ധതി | 2.00 | 2.00 | പദ്ധതി തുടർന്നും നടപ്പിലാക്കി വരുന്നു |

4. **ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്**

| ക്രമ നം | ഭരണാനുമതി ലഭിച്ച വർഷം | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക (ലക്ഷത്തിൽ ) | പ്രവൃത്തി പുരോഗതി |
|---|---|---|---|---|
| 1 | **2021-22** | ഫ്രണ്ട്സ് ക്ലബ് റോഡ് | 49.00 | പ്രവൃത്തി പൂർത്തീകരിച്ചു |
| 2 | | ഇഖ്ബാൽ എച്ച്. | 41.00 | പ്രവൃത്തി പൂർത്തീകരിച്ചു |

| | | | | |
|---|---|---|---|---|
| | | എസ്.എസ് പുളിക്കാൽ അമ്പലം റോഡ് റീ-ടാറിംഗ് | | |
| 3 | | കാറ്റാടി ജംഗ്ഷൻ - കൊതിക്കാൽ റോഡ് - റീ-ടാറിംഗ് | 7.60 | പ്രവൃത്തി പൂർത്തീകരിച്ചു |
| 4 | | ചേറ്റുകുണ്ട് - ചിത്താരി കടപ്പുറം അഴിമുഖം റോഡ് - റീ-ടാറിംഗ് | 35.00 | പ്രവൃത്തി പൂർത്തീകരിച്ചു |
| 5 | **2022-23** | ഇഖ്ബാൽ എച്ച്.എസ്.എസ് അടിമേൽ - ടെമ്പിൾ - റെയിൽവെ ട്രാക്ക് റോഡ് - കോൺക്രീറ്റ് റോഡ് നവീകരണം | 114.80 | പ്രവൃത്തി പൂർത്തീകരിച്ചു |
| 6 | **2023-24** | കൺസ്ട്രക്ഷൻ ഓഫ് പ്രൊട്ടക്ഷൻവാൾ നിയർ ക്രോസ്സ് ഡ്രെയിനേജ് എന്റ് നിയർ ബെല്ലാ കടപ്പുറം | 32.60 | ടെണ്ടർ ചെയ്ത് കരാറിലേർപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 7 | | ആജാനൂർ പി.എച്ച്.സിക്കും ബെല്ല കടപ്പുറത്തിനിടയിലുള്ള ഡ്രെയിനേജും റോഡ് പ്രവൃത്തി | 50.00 | ടെണ്ടർ ചെയ്ത് കരാറിലേർപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 8 | | കൊവൽപള്ളി കല്ലംചിറ റോഡ് | 50.00 | ടെണ്ടർ ചെയ്ത് കരാറിലേർപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 9 | | പടന്നക്കാട് ഒഴിഞ്ഞവളപ്പ് കടപ്പുറം റോഡ് | 50.00 | ടെണ്ടർ ചെയ്ത് കരാറിലേർപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |